# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊന്നത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.7/900/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.7/900/2021 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.ആർ .ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 08-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 08-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. എബി എബ്രഹാം, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.എം ജോസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി.രമ്യ റെനീഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജോൺ ഗോട്രിക് ഗ്രീക്ക് | സെക്രട്ടറി | 01-04-2020 | 10-07-2020 |
| ശ്രീ.സതീഷ് കുമാർ പി.കെ | സെക്രട്ടറി | 11-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീകുമാരി റ്റി.വി | അസി.സെക്രട്ടറി | 01-04-2020 | 21-06-2020 |
| ശ്രീ.വി.കെ.ശ്രീകുമാർ | അസി.സെക്രട്ടറി | 22-06-2020 | 31-03-2021 |
| ശ്രീമതി.ഷെറിൻ ആൻഡ്രൂസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ആനന്ദ് കൃഷ്ണൻ .ആർ | വി.ഇ.ഓ | 01-04-2020 | 10-10-2020 |
| ശ്രീ.ബിജുമോൻ അബ്രഹാം | വി.ഇ.ഓ | 11-10-2020 | 31-03-2021 |
| ശ്രീമതി.ഗ്രേസി കുര്യാക്കോസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 07-07-2020 |
| ശ്രീമതി.അജിത എസ്.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-07-2020 | 31-03-2021 |
| ശ്രീമതി.സ്മിത കെ.ജി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 05-10-2020 |
| ശ്രീമതി.ദീപ .ആൻ തോമസ് | കൃഷി ഓഫീസർ | 06-10-2020 | 28-02-2021 |
| ശ്രീമതി.സിജി എം.എ | കൃഷി ഓഫീസർ | 01-03-2021 | 31-03-2021 |
| ഡോ.തോമസ് മണവാളൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ശാരിക കെ.യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 15-02-2021 |
| | | 16-02- | 31-03- |

| | | | |
|---|---|---|---|
| ഡോ.മേരി ലിന ജോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2021 | 2021 |
| ഡോ.ദീപു കൃഷ്ണ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ.സുജിത്ത് പി.രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 19-04-2020 |
| ശ്രീ.ജയദേവൻ എം.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-04-2020 | 14-06-2020 |
| ശ്രീ.സാബു എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-06-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-1-1 |
| 3 | നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Marun Mathew (Asst. Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 1-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-3 |
| 7 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 1-5 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-6 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susaniamma Thomas (Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-7 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-8 |
| 12 | സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികളും ഡിമാന്റ് എൻട്രികളും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-9 |
| 13 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-10 |
| 14 | ലോൺ രജിസ്റ്റർ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 1-11 |
| 15 | ബാദ്ധ്യതാ ശീർഷകത്തിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-12 |
| 16 | ഇ-ടെണ്ടർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-13 |
| 17 | വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു | 1-14 |

| | | |
|---|---|---|
| | Written By: Maya Krishnan (Auditor, On 03-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | |
| 18 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിളവ് ഉത്തരവ് പ്രാബല്യത്തിലാക്കിയിട്ടില്ല<br>Written By: Maya Krishnan (Auditor, On 03-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-15 |
| 19 | എസ്.എസ്.എ വിഹിതം -രേഖകൾ ഹാജരാക്കിയില്ല<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-16 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 1-17 |
| 21 | സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ - സോളാർ പാനലും ലൈറ്റും സ്ഥാപിക്കാതെ മാസങ്ങളായി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നു<br>Written By: Marun Mathew (Asst. Audit Officer, On 03-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-18 |
| 22 | മരാമത്ത് പ്രോജക്ടുകളുടെ ബാഹുല്യം-നിർവഹണ പ്രക്രിയയെ താളം തെറ്റിക്കുന്നു<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-19 |
| 23 | ഹോമിയോ-തുക അടവാക്കിയെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-20 |
| 24 | പദ്ധതി മാർഗരേഖയ്ക്കു വിരുദ്ധമായി ഗുണഭോക്തൃ വിഹിതമില്ലാതെ ജലവിതരണ പദ്ധതികൾ നടപ്പാക്കി<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-21 |
| 25 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-22 |
| 26 | ജലനിധി<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-23 |
| 27 | മോണിട്ടറിംഗ് സമിതികൾ നിർജീവം<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 1-24 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 4-2 |
| 3 | | 4-3 |

| | | |
|---|---|---|
| | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-09-2021) | 4-10 |
| 11 | തീർപ്പാക്കുാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

12.03.2020-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടി. ₹407508882/- വരവും ₹330867860/- ചെലവും ₹76641022/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 20.2.2021-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3-9 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 04.3.2020- ൽ ബജറ്റും 16.02.2021-ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-1-2 നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 7250000 | 4759325 | 2490675 |
| | എ | വസ്തുനികുതി | 5500000 | 3765825 | 1734175 |
| | ബി | തൊഴിൽ നികുതി | 1750000 | 993500 | 756500 |
| 2 | | നികുതിയേതര വരവുകൾ | 1732538 | 1186361 | 546177 |

| | | | | | |
|---|---|---|---|---|---|
| | എ | വാടക കെട്ടിടങ്ങൾ | 425000 | 208589 | 216411 |
| | ബി | ലൈസൻസ് | 596000 | 331936 | 264064 |
| | സി | സെയിൽ & ഹയർ ചാർജ് | 308898 | 300596 | 8302 |
| | ഡി | സ്ഥിരനിക്ഷേപം പലിശ | 112640 | 112640 | 0 |
| | ഇ | പലിശ | 210000 | 139640 | 70360 |
| 3 | | മറ്റ് വരവുകൾ | 1732538 | 92960 | 1639578 |
| 4 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 22345000 | 11114408 | 11230592 |
| 5 | | ഭരണ ചെലവുകൾ | 4491000 | 2256456 | 2234544 |
| 6 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2950000 | 3739413 | 789413 |

(അവലംബം-2019-20 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ, ബജറ്റ് അലോക്കേഷൻ ഉത്തരവുകൾ)

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 03.05.2021 | | |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34460000 | 34460000 | 32269162 | 2190838 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2189000 | 2189000 | 2144243 | 44757 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1715000 | 1715000 | 1424264 | 290736 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2499000 | 2499000 | 2499000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം | 0 | 7671000 | 7671000 | 7591887 | 79113 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)ടൈഡ് | 0 | 10710000 | 10710000 | 3933104 | 6776896 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) അൺടൈഡ് | | 0 | 19233775 | 19233775 | 15786515 | 3447260 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6000 | 3164236 | 3170236 | 3008726 | 161510 |
| | തൊഴിലാളികളുടെ കൂലി | | 118046490 | 118046490 | 118046490 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 2661337 | 0 | 2661337 | - | 2661337 |
| ഐസി ഡി എസ് | | 1455762 | 1119020 | 2574782 | 1000000 | 1574782 |
| പശ്ചിമഘട്ടം | | 2762122 | - | 2762122 | - | 2762122 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ശുചിത്വമിഷൻ | | 1427475 | 210000 | 1637475 | 1405536 | 231939 |
| ജലനിധി | | 2886304 | 1467200 | 4353504 | 2231564 | 2121940 |
| കേരളോത്സവം | | 20000 | - | 20000 | - | 20000 |

വികസന ഫണ്ട് ജനറലിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. ഹെഡ് നം 320300199 ഏതിനത്തിലുള്ള ഗ്രാന്റ് തുകയാണെന്ന് വ്യക്തമല്ല. ആയതിനാൽ ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 293 | 171076276 | 234 | 80900012 | - | 59 | 79.86 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|
| 1.സെക്രട്ടറി | 32 | 25 | 17189733 | 13838180 | 7 | 80.50 |
| 2.അസി.എഞ്ചിനീയർ | 202 | 158 | 49218523 | 35791875 | 44 | 72.72 |
| 3.വെറ്ററിനറി സർജൻ | 9 | 9 | 2789860 | 2119570 | 0 | 40.07 |
| 4.കൃഷി ഓഫീസർ | 9 | 7 | 5288900 | 2480706 | 2 | 46.90 |
| 5. ഐ സി ഡി എസ് | 4 | 4 | 8200000 | 7612550 | 0 | 92.83 |
| 6. എം.ഒ സിഎച്ച് സി | 6 | 6 | 2791400 | 2196137 | 0 | 78.67 |
| 7. വി.ഇ.ഒ | 19 | 16 | 78000616 | 12798255 | 3 | 60.94 |
| 8.എം.ഒ ഹോമിയോ | 1 | 1 | 300000 | 300000 | 0 | 100 |
| 9.ഹെഡ്മാസ്റ്റർ | 3 | 1 | 700000 | 600000 | 2 | 85.71 |
| 10.ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3700000 | 1185689 | 0 | 32.04 |
| 11.അസി.സെക്രട്ടറി | 7 | 6 | 2897244 | 1977050 | 1 | 68.23 |
| ആകെ | 293 | 234 | 171076276 | 80900012 | 59 | 79.86 |

ജില്ലാ ആസൂത്രണ സമിതിയുടെ 20/10/2020 തീയതിയിലെ 2127/20/DPC/DPO/IDK ഉത്തരവ് പ്രകാരം 293 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 234 പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 59 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളിൽ 79.86 ശതമാനം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6000 | 3164236 | 3170236 | 3008726 | 161510 |
| തൊഴിലാളികളുടെ കൂലി | 0 | 118046490 | 118046490 | 118046490 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ-എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ-എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | |
|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ |
| 6865 | 8 | 155 | 7012 | 4976 | 7778 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 3 | 1800 |
| കർഷകതൊഴിലാളി പെൻഷൻ | 6274 | 8459600 |
| വിധവാപെൻഷൻ | 8449 | 11627600 |
| വാർദ്ധക്യകാലപെൻഷൻ | 29333 | 39134600 |
| വികലാംഗപെൻഷൻ | 373 | 5263300 |
| അവിവാഹിതർക്കുള്ള പെൻഷൻ | 360 | 497600 |

### 1-6-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.09.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18566/-രൂപ ക്യാഷ് നിക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവു മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും

കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

1- 8-1 <u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

<u>1-8-2 മുൻകൂർ രജിസ്റ്റർ</u>

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>1-8-3 സ്റ്റോക്ക് രജിസ്റ്റർ</u>

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>1-8-4 സ്യൂട്ട് രജിസ്റ്റർ</u>

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

<u>1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ</u>

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല. അതിനാൽ, തുക ഒടുക്കിയിട്ടുള്ള സംഗതികളിലും രജിസ്റ്റർ പ്രകാരം ബാദ്ധ്യത നിലനിൽക്കുന്നു. 2019-20 ൽ വിവിധ ഓഡിറ്റ് വർഷങ്ങളിൽ നഷ്ടം നിജപ്പെടുത്തിയ ₹2000/- (ഖണ്ഡിക 4-7 കാണുക) വിവിധ നഷ്ടോത്തരവാദികൾ തിരികെ ഒടുക്കിയിട്ടുണ്ട്. എന്നാൽ, വിവരം ഓഡിറ്റ് ഒബ്ജഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികളും ഡിമാന്റ് എൻട്രികളും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 2020-21 ലെ ജേണൽ എൻട്രി 8.07.20ലാണ് ചെയ്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി-നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-10 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.21ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹277633/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, തുക Stale Cheque ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1-11 ലോൺ രജിസ്റ്റർ അപാകതകൾ

ലോൺ രജിസ്റ്റർ കൃത്യതയോടെ പരിപാലിച്ചിട്ടില്ലാത്തതിനാൽ 31.03.21 ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ B(5)ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന വായ്പ തുകയുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല. കൂടാതെ –ആസ്തി-ബാദ്ധ്യത പത്രികയിലെ ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-12 ബാദ്ധ്യതാ ശീർഷകത്തിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2021 ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 320100115 | 2661337 |
| 2 | 320100199 | 2762122 |
| 3 | 320100121 | 1574782 |
| 4 | 320200322 | 231939 |
| 5 | 320200323 | 20000 |
| 6 | 320300199 | 2745652 |
| 7 | 320700209 | 263550 |
| 8 | 320800199 | 350000 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെണ്ടർ നടപടികളിലൂടെ 10 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 10 | 61200 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഉൾപ്പടെ താഴെ സൂചിപ്പിക്കുന്ന തുക ഈടാക്കാനവശേഷിക്കുന്നു.

| ഇനം | തുക |
|---|---|
| പാർപ്പിടാവശ്യം | 470,090 |
| പാർപ്പിടേതരാവശ്യം | 13,57,582 |

കുടിശ്ശിക വസ്തു നികുതി കാലഹരണപ്പെടാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിളവ് ഉത്തരവ് പ്രാബല്യത്തിലാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ, കോവിഡ് മൂലം പ്രവർത്തിക്കാൻ സാധിയ്ക്കാത്ത കാലയളവിലെ വാടകക്കുടിശ്ശിക ഇളവ് നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ 29-06-2020 ലെ സ.ഉ.(സാധാ) നം.1278/2020/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. ഇതിൻ പ്രകാരം കുടിശ്ശികക്കാരുടെ അപേക്ഷയിന്മേൽ വാടക ഒഴിവാക്കിക്കൊടുക്കാവുന്നതും

ടി തുക ഡിമാന്റിൽ നിന്നും കുറവ് വരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് വക താഴെപ്പറയുന്ന കടമുറികളുടെ കുത്തകക്കാർക്ക് പ്രസ്തുത ഉത്തരവു പ്രകാരം വാടകയിളവ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഭരണ സമിതി തീരുമമാന നം. 06/4/ തീ. 21.10.20

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സ് മുറി നം | കുത്തകക്കാരന്റെ പേര് | പ്രതിമാസ നിരക്ക് | ഇളവ് അനുവദിച്ച കാലയളവ് | ഇളവു ചെയ്ത തുക |
|---|---|---|---|---|---|
| 1 | 768 | ശ്രീ.സന്തോഷ്.പി.ബി | 1430 | 04/2020-05/2020 | 2830 |
| 2 | 769 | ശ്രീ. സന്തോഷ്.പി.ബി | 935 | 04/2020-05/2020 | 1870 |
| 3 | 756 | ശ്രീ.കെ.കെ.ശങ്കരപ്പിള്ള | 660 | 04/2020-05/2020 | 1320 |
| 4 | 757 | ശ്രീ.കെ.കെ.ശങ്കരപ്പിള്ള | 792 | 04/2020-05/2020 | 1584 |
| 5 | 763 | ശ്രീ.കെ.കെ.ശങ്കരപ്പിള്ള | 946 | 04/2020-05/2020 | 1892 |
| 6 | 770 | ശ്രീ.കെ.കെ.ശങ്കരപ്പിള്ള | 935 | 04/2020-05/2020 | 1870 |
| 7 | 767 | ശ്രീ.കെ.കെ.ശങ്കരപ്പിള്ള | 837 | 04/2020-05/2020 | 1674 |
| 8 | 765 | ശ്രീ.കെ.ജി.മോഹനൻ | 1032 | 04/2020-05/2020 | 2064 |

വാടകയിൽ ഇളവു നൽകിയെങ്കിലും പ്രസ്തുത തുക സാംഖ്യയിലെ ഡിമാന്റിൽ നിന്ന് കുറവു വരുത്തിയില്ല. ധനകാര്യപത്രികയിൽ സൂചിപ്പിച്ചിട്ടുള്ള (ബാലൻസ് ഷീറ്റ് -ബി-15 പത്രിക) കുടിശ്ശികയിൽ പ്രസ്തുത തുകയും ഉൾപ്പെട്ടിട്ടുണ്ട്. കാലികമായി വരുത്തേണ്ട മാറ്റങ്ങൾ ഡിമാന്റ് കണക്കുകളിൽ വരുത്താതിരുന്നതു മൂലം സംഭവിച്ച പിശകു പരിഹരിച്ച് കുടിശ്ശിക കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ വിഹിതം -രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| ബിൽ നം./തീയതി/തുക | 3081/18.03.2021 തുക 600000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം |

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ.വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹600000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർ നൽകിയ ₹600000/- വിനിയോഗിച്ചു എന്നു മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹600000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ

ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹1374940/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-18 സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ - സോളാർ പാനലും ലൈറ്റും സ്ഥാപിക്കാതെ മാസങ്ങളായി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നു**

| | |
|---|---|
| പദ്ധതി നം | 282/21 |
| പദ്ധതി | സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം തീ. | 20101252012801411187 തീ 31.3.21, 321165/- |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 3.2.21 ൽ ഇ ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി 6.2.2021 ലെ 1/2 തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ഇതേ തുടർന്ന് കൊന്നത്തടി ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ 06.02.2021 ലെ എ4-/20 നമ്പർ കത്ത് മുഖേന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കുകയും മേൽ കത്ത് ലഭിച്ച് 7 ദിവസത്തിനകം സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ട് ടെണ്ടറിൽ പറഞ്ഞിരിക്കുന്ന സാധനസാഗ്രികൾ 3 ദിവസത്തിനകം പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിച്ച് സ്ഥാപിക്കണമെന്നും സമയപരിധി കർശനമായി പാലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം സ്ഥാപനവുമായി പഞ്ചായത്ത് 10.02.2021 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. സാധനസാമഗ്രികൾ 27.3.2021-ന് പഞ്ചായത്തിൽ എത്തിച്ചു. മേൽ ബില്ല പ്രകാരം 31.3.21 ൽ ₹321165/- പിൻവലിച്ച് ട്രാൻസ്ഫോം ഇലക്ട്രിക്സ് എറണാകുളം എന്ന സ്ഥാപനത്തിന്റെ ബാങ്ക് ഓഫ് ബറോഡയുടെ എറണാകുളം ശാഖയിലെ അക്കൗണ്ട് നം 7480020000003 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. 10.02.2021 ലെ കരാറിലെ വ്യവസ്ഥ (14)പ്രകാരം ഉപകരണങ്ങൾ സപ്ലൈ ചെയ്യുക എന്നാൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന സ്ഥലത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ ഉപകരണങ്ങൾ സ്ഥാപിച്ചു നല്കുകയും ആയതിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുക കൂടി ഉൾപ്പെട്ടതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് നിർദ്ദേശിച്ച പത്ത് സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി സോളാർ പാനൽ സ്ഥാപിക്കുന്നതിന് ജൂൺ മാസത്തിൽ കുഴികൾ എടുത്തിട്ടുള്ളതും പിന്നിട് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നു കാണുന്നു. കരാറിൽ ഏർപ്പെട്ടിട്ട് ആറുമാസം കഴിഞ്ഞിട്ടും പദ്ധതി നടപ്പാക്കാതെ എൽ ഇ ഡി (40w 6400 Lumines) 9 എണ്ണം, സോളാർ പാനൽ 9 എണ്ണം, ബാറ്ററി 12 V/75AH LIEFO4 എന്നിവ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത സാമഗ്രികൾ യഥാസമയം സ്ഥാപിക്കാതിരുന്നാൽ ആയവ നശിച്ചുപോകുന്നതിന് കാരണമായേക്കാം. ഉപകരണങ്ങൾ സപ്ലൈ ചെയ്ത് മൂന്ന് വർഷ കാലയളവിലേയ്ക്കാണ് ഉപകരണങ്ങൾക്ക് വാറന്റി എന്നതിനാൽ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ ഓരോ ദിവസം താമസിക്കുമ്പോഴും വാറന്റി കാലയളവ് കഴിഞ്ഞുപോകുകയും ചെയ്യും. കരാർ വ്യവസ്ഥകൾ ലംഘിച്ച ട്രാൻസ്ഫോം ഇലക്ട്രിക്സ് എറണാകുളം എന്ന സ്ഥാപനത്തിനത്തിനെതിരെ പഞ്ചായത്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക ₹321165/- തടസ്സപ്പെടുത്തുന്നു. കരാർ വ്യവസ്ഥകൾ ലംഘിച്ചതിന് സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിച്ചും പദ്ധതി പൂർത്തീകരിച്ചും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 മരാമത്ത് പ്രോജക്ടുകളുടെ ബാഹുല്യം-നിർവഹണ പ്രക്രിയയെ താളം തെറ്റിക്കുന്നു**

ഗ്രാമ പഞ്ചായത്ത് ഓരോ വാർഷിക പദ്ധതിയിലും ഇരുന്നൂറോളം മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. അവയിൽ ഏറിയ പങ്കം റോഡ് നിർമാണ-നവീകരണ പ്രോജക്ടുകളും. എന്നാൽ അവ വിവിധ കാരണങ്ങളാൽ നടപ്പാക്കാതെ ഉപേക്ഷിക്കുകയോ തുടർന്നുള്ള വർഷത്തേക്ക് മാറ്റിവെയ്ക്കുകയോ ചെയ്യുന്നതാണ് പതിവായി കാണുന്ന പ്രവണത. കമ്പോളത്തിലെ വിലക്കയറ്റം. തൊഴിലാളികളുടെ കൂലി വർദ്ധനവ്, നികുതി വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ സമയം തെറ്റിയുള്ള നിർവഹണം പദ്ധതികളുടെ കാര്യക്ഷമതയെയും

ഗുണമേന്മയെയും ദോഷകരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ഗ്രാമപഞ്ചായത്ത് ഒരു യൂണിറ്റായി കണ്ട് വികസനപദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാനതത്വം പാലിക്കാതെ വാർഡടിസ്ഥാനത്തിലുള്ള സങ്കുചിത വ്യക്തിതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമാണപ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്കരിക്കുന്നത്. ഗ്രാമീണറോഡുകളുടെ ശരാശരി ദൈർഘ്യം 3മുതൽ 6 വരെ കിലോമീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 25 മുതൽ 47 വരെ മീറ്റർ നീളത്തിലാണ്. ഇത്തരത്തിൽ ഒരു റോഡ് പൂർത്തീകരിക്കുവാൻ എത്ര വാർഷികപദ്ധതികൾ ആവിഷ്കരിക്കേണ്ടി വരുമെന്നത് ഊഹിക്കാവുന്നതേയുള്ളു. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യവും സുലഭമാണ്. 2016-ലെ DSR അടിസ്ഥാനമാക്കി വിലസൂചികയിലെ ( Cost Index ) തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാൽ നിർമാണപ്രവൃത്തികളുടെ ചെലവ് വളരെയധികം വർധിച്ചിട്ടുണ്ട്. ഇതിനുപുറമെ 2019-20 മുതൽ GST നഷ്ടപരിഹാരമായി 12% തുക കൂടി കരാറുകാരന് നൽകേണ്ടി വരുന്നതും ചെലവുഭാരം വർദ്ധിപ്പിക്കുന്നു. ഓഡിറ്റ് വർഷങ്ങളിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|
| 2019-20 | 183 | 89 | 48.63 |
| 2020-21 | 204 | 158 | 77.45 |

( തൻവർഷം നടപ്പാക്കിയ 158 പ്രോജക്ടുകളിൽ 95 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളാണെന്ന വസ്തുത വേറിട്ടു കാണേണ്ടതാണ്.)

ഓരോ വർഷവും ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകളുടെ പകുതി പോലും വിനിയോഗിക്കാതെയാണ് ഓരോ വാർഷിക പദ്ധതിയും കടന്നു പോകുന്നത്. തൻമൂലം തുടർന്നു വരുന്ന വർഷത്തെ അലോട്ട്മെന്റിൽനിന്ന് പ്രസ്തുത പ്രോജക്ടുകൾക്ക് തുക കണ്ടെത്തേണ്ടി വരുന്നു. ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് തുക വകയിരുത്തേണ്ടി വരുന്നത് തൻവർഷം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. (മുൻപട്ടികയിലെ കണക്കുകൾ ശ്രദ്ധിക്കുക). സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം യഥാസമയം ബില്ലുകൾ പിൻവലിക്കാൻ കഴിയാതെ വരുന്നതും വിഷയം സങ്കീർണമാക്കുന്നു. ഓഡിറ്റ് വർഷങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

പശ്ചാത്തലമേഖലയിലെ ഫണ്ടു വിനിയോഗം

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2019-20 | 42595070 | 18493193 | 43 |
| 2020-21 | 49218523 | 35791875 | 73 |

(2019-20 വർഷം പൂർത്തിയായതും എന്നാൽ മാർച്ച് 31-ന് മുൻപ് പിൻവലിക്കാൻ കഴിയാതെ കൃവിലായിപ്പോയ ബില്ലുകളും ഉൾപ്പടുന്നതാണ് 2020-21-ലെ ചെലവ് ).

2018-ലെ പ്രളയം ഏറ്റവുമധികം നാശനഷ്ടം വിതച്ച ഒരു ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് കൊന്നത്തടി എന്ന വസ്തുത വിസ്മരിക്കാനാവില്ല. പ്രളയം നാമാവശേഷമാക്കിയ റോഡുകളും, കൃഷി ഭൂമിയും, വീടുകളും പുനർനിർമിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ മുന്നേറുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രളയാനന്തര കേരള പുനർനിർമിതിക്കായി രൂപം നൽകിയ CMLRRP ( Chief Minister's Local Road Rebuild Project) പ്രകാരമുള്ള

റോഡ് നിർമാണ പ്രവൃത്തികളും സമാന്തരമായി നടന്നുവരുന്നു. നാമമാത്രമായ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ജീവനക്കാർക്ക് ജോലിഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കുന്നുവെന്നതും പ്രത്യേകം കാണേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വീതംവെയ്പുകളും മറ്റു സങ്കുചിത താത്പര്യങ്ങളും മാറ്റിനിർത്തി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചും, അടങ്കൽ തുക വർദ്ധിപ്പിച്ചും പദ്ധതിപ്പണത്തിന്റെ വിനിയോഗം സാർത്ഥകമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-20 ഹോമിയോ-തുക അടവാക്കിയെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി നം | 69/21 |
| പദ്ധതി | ഹോമിയോപ്പതി മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000/- (റോഡിതരം) |
| ബിൽ നം,തുക | 700810/2020-21 തീ 13.11.2020, ₹300000/- |

ഹോമിയോപ്പതിക്ക് മരുന്ന് വാങ്ങുന്നതനായി ആലപ്പുഴയിലുള്ള ഹോംകോയ്ക്ക് ₹300000/- നൽകിയെങ്കിലും നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 പദ്ധതി മാർഗരേഖയ്ക്ക വിരുദ്ധമായി ഗുണഭോക്തൃ വിഹിതമില്ലാതെ ജലവിതരണ പദ്ധതികൾ നടപ്പാക്കി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ (എം എസ്) 11/2018 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 7.1.6. (ബി) (6) ഖണ്ഡിക അനുസരിച്ച്, എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത രണ്ടു ജലവിതരണ പദ്ധതികൾ പൂർണമായും ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചാണ് നടപ്പാക്കിയത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. പേര് | വിനിയോഗിച്ച തുക | ഫണ്ട് | ചെയ്ത പ്രവൃത്തി | ബിൽ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | എസ്313/21 ഇടപ്പറമ്പത്ത് ഭാഗം കുളം | 99512 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കുളത്തിന് സംരക്ഷണ ഭിത്തി, പോയിന്റിംഗ്, 1 HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കൽ, കുളവും ടാങ്കുമായി ബന്ധിപ്പിക്കുന്ന പൈപ്പ് ലൈൻ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി | 20101252008701382937/ തീ. 26.03.2021 , |
| 2 | എസ് 317/21 5-ാം മൈൽ സ്നേഹനിധി | 181464 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കിണറിന് ചുറ്റുമതിൽ, തോടുഭാഗത്ത് സംരക്ഷണഭിത്തി എന്നിവ നിർമിച്ചു. | 20101252008701391749/ തീ. 29.03.2021 , |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | | |
| 3 | എസ് 312/21 മുണ്ടയ്ക്കൽ ഭാഗം കുളം വാർഡ് 16 | 152426 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കുളത്തിന് ചുറ്റുമതിൽ നിർമിച്ച് GI പൈപ്പ് ലൈൻ സ്ഥാപിച്ചു. | 20101252008701391673/ തീ. 27.03.2021 , |
| 4 | എസ് 340/21 ഒരിയ്ക്കമല ബ്ലോക്ക് കുളം നവീകരണം | 140409 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കുളം ആഴം കൂട്ടി ചുറ്റുമതിലും സംരക്ഷണഭിത്തിയും നിർമിച്ചു. | 20101252008701420321/ തീ. 27.03.2021 , |
| 5 | എസ് 326/21 തൈപ്ലാക്കൽ ഭാഗം പഞ്ചായത്ത് കുളം | 140651 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കുളം ആഴം കൂട്ടി ചുറ്റുമതിൽ , മേൽക്കൂര എന്നിവ നിർമിച്ച് ടാങ്ക് വാങ്ങി സ്ഥാപിച്ചു. | 20101252008701419812/ തീ. 29.03.2021 , |
| 6 | എസ് 348/21 ലക്ഷം വീട് കുടിവെള്ള പദ്ധതി | 281770 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | GI പൈപ്പ് ലൈന്, PVC ടാങ്ക് എന്നിവ സ്ഥാപിച്ചു | 20101252008701426439/ തീ. 31.03.2021 , |
| | ആകെ | 996232 | | | |

പൊതു വിഭാഗത്തിൽപ്പെട്ട പ്രസ്തുത പ്രോജക്ടുകളുടെ നിർവഹണത്തിന് ഗുണഭോക്തൃവിഹിതം സമാഹരിക്കാൻ സാഹചര്യമുണ്ടായിരിക്കെ അത്തരം സാധ്യതകൾ പരീക്ഷിക്കാതെ തുക പൂർണമായി പഞ്ചായത്ത് ഫണ്ടിൽ വിനിയോഗിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതിമാർഗരേഖാ നിർദ്ദേശം അതിലംഘിച്ച് ഫണ്ട് വിനിയോഗിച്ചതിനാൽ ചെലവു തുക ₹996232/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ്

കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-23 ജലനിധി

പഞ്ചായത്ത് കമ്മിറ്റിയുടെ 6.6.2019-ലെ അജണ്ട നം 3 തീരുമാനം നമ്പർ 1 ൽ ജലനിധിയുടെ പ്രവർത്തനം വിലയിരുത്തുകയും ആകെ 18 പദ്ധതികളിൽ 4 എണ്ണം നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നുള്ളത് ഗൗരവകരമാണെന്ന് വിലയിരുത്തി. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ജലനിധി ബാങ്ക് സ്റ്റേറ്റുമെന്റ്, ജല നിധിയുമായുള്ള പഞ്ചായത്തിന്റെ കരാർ, കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ ജലനിധിയിലുള്ള ബെനഫിഷറി ഗ്രൂപ്പുകളുടെ എണ്ണം ഇവയിൽ പൂർത്തിയായവയുടെ വിവരം ജലനിധിക്ക് നാളിതുവരെ നല്കിയ തുക എന്നിങ്ങനെ പഞ്ചായത്തിലെ ജലനിധിയുടെ പ്രവർത്തനം സംബന്ധിച്ച് പ്രാഥമിക വിവരങ്ങൾപോലും ഓഡിറ്റിന് ലഭ്യമായിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 31.3.2021-ൽ ₹2121940/- ജലനിധിയിൽ ബാലൻസ് ഉണ്ട്. ഇത്രയും വലിയ തുക അക്കൗണ്ടിൽ സൂക്ഷിക്കാനിടയായ സാഹചര്യം ഓഡിറ്റിന് വ്യക്തമല്ല. തുക വിനിയോഗിക്കുന്നില്ലായെങ്കിൽ ആയത് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മോണിട്ടറിംഗ് സമിതികൾ നിർജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. തരിശ്ഭൂമികൃഷി കൃഷിഭവന്റെ നേതൃത്വത്തിൽ തൃപ്തികരമായ രീതിയിൽ നടന്നുവരുന്നു. ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കി പഞ്ചായത്തിൽ സി.എഫ്.എൽ.റ്റി.സി കൾ ആരംഭിച്ചിട്ടുള്ളതും തൃപ്തികരമായി പ്രവർത്തിച്ച് വരുന്നതുമാണ്. കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിട്ടുള്ളതും കറന്റ് ചാർജ്, വാടക എന്നീയിനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ₹38632/- ചെലവ് വന്നിട്ടുള്ളതാണ്. സംഭാവന ഇനത്തിൽ ₹4000/- മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുള്ളതും ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതും സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. ദുരന്തനിവാരണ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളതാണ്.

പന്ത്രണ്ടിന പരിപാടികൾ നടപ്പാക്കിയത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഭൗതിക സൗകര്യങ്ങൾ നടപ്പാക്കിയിട്ടുള്ളതും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളിലേക്ക് എത്തിചേർന്നിട്ടുള്ളതുമാണ് വയോക്ലബുകൾ, ലീപ്പ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം നടന്നുവരുന്നു. സമ്പൂർണ്ണ ശുചിത്വ പദവി നേടുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും ഇതിന്റെ ഭാഗമായി തോടുകളുടെ ശുചീകരണം നടപ്പിലാക്കിയിട്ടുള്ളതുമാണ്. പരിസ്ഥിതി ദിനാഘോഷത്തിന്റെയും വാർഷിക പദ്ധതിയുടെയും ഭാഗമായി ഫലവൃക്ഷതൈകൾ വിതരണം നടത്തിയിട്ടുള്ളതാണ്. കോവിഡ് വ്യാപനം കാരണം പൊതുവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായുള്ള നടപടികൾ പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. പാലിയേറ്റീവ് പദ്ധതിയും ദുരന്തനിവാരണ പദ്ധതിയുടെ നടപടിക്രമങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പട്ടികജാതി - വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | തീയതി | തീയതി |
|---|---|---|
| 2020-2021 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 250000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 250000 | ചാലികുന്ന് കുരിശുകുത്തി റോഡ് കോൺക്രീറ്റിംഗ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 166800 | പാലിയേറ്റീവ് കെയർ | 166800 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1196000/- വരവുണ്ട്. ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ജവഹർ ഭവന | 299564/ ഡി ബി യ 15/ | - | 21284198 | 5960726 | | 15323472 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | എൽ.എസ്.ജി.ഡി. തീയതി:01.10.2015 | | | | | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018 എൽ.എസ്.ജി.ഡി. തീയതി.11.09.2018 | 1196000 | 38568823 | 3146157 | 0 | 36618666 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹508750 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹112640 |
| ആകെ | ₹621390 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹621390 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 14.6.2018 | 1 വർഷം | 621390 | |
| ആകെ | | | | 621390 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2000/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ ഡി.ഡി നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-10 | 2000 | ശ്രീ.എം.സ്റ്റീഫൻ | 120120100001/03.04.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ്

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15<br>2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - |
| 2 | 2015-16<br>2-4 | 2016-17 | അനുബന്ധം-4 | വസ്തുനികുതി അപാകതകൾ | - |
| 3 | 2015-16<br>2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി സംബന്ധിച്ച് | - |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട ത്തിയി ട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത ₹ | റി മാ ർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-00 | 26 | കെ. രവി, സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി.2/ 2003, 20.08.04/ 22.09.04 | 36768 | 0 | | 0 | 0 | 0 | 0 | 36768 | - |

### ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത ₹ | റി മാ ർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾ പ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ത്തിയി ട്ടുണ്ടോ | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 31, 32, 34 | കെ. രവി സെക്രട്ടറി | എൽ.എഫ്. 22661/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 27.04.03 | 2622 | 0 | | 0 | 0 | 0 | 0 | 2622 | ... |
| 2 | 1999-00 | 27,29, 38 (1)& (2) | പി. എസ്. രാജപ്പൻ സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 22.09.04 | 6448 | 0 | | 0 | 0 | 0 | 0 | 6448 | ... |
| 3 | 1999-00 | 35, 36 | കെ. രവി സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 20.08.04/ 22.09.04 | 20474 | 0 | | 0 | 0 | 0 | 0 | 20474 | ... |
| 4 | 1999-00 | 39 | എ. മുരളീധരൻ അസി. എഞ്ചി. | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 11.03.2005/ 26.03.2005 | 6828 | 0 | | 0 | 0 | 0 | 0 | 6828 | ... |
| 5 | 2000-01 | 30(3) | വി. എസ്. മുഹമ്മദ് സെക്രട്ടറി | എൽ.എഫ്. 7073/ സ്പെ.സെൽ എസ്.സി. 2/2005, 04.07.2006 | 17520 | 0 | | 0 | 0 | 0 | 0 | 17520 | ... |
| 6 | 2004-05 | 3-11 (Part) | കെ. എ. റഷീദ് അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 06.02.2010 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 7 | 2004-05 | 3-11 (Part) | കെ. സുധാകരൻ അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 21.11.2009 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 8 | 2005-06 | 3-1, 3-2 | സി. ജി. ചന്ദ്രമോഹൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. | 23055 | 0 | | 0 | 0 | 0 | 0 | 23055 | ... |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2/2009, 18.01.2011 | | | | | | | | | |
| 9 | 2005-06 | 3-7 | എ. സോമൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009 18.01.2011 | 8520 | 0 | | 0 | 0 | 0 | 0 | 8520 | ... |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 19815248 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 103021047 |
| ആകെ | : | 122836295 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 104035265 |
| നീക്കിയിരിപ്പ് | | 18801030 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1917397 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 600000 | ശ്രീമതി.സ്മിത കെ.ജി, ഹെഡ്മിസ്ട്രസ് |
| 1-18 | 321165 | ശ്രീ.പി.കെ.സതീഷ് കുമാർ, സെക്രട്ടറി |
| 1-21 | 996232 | ശ്രീമതി. ഷെറിൻ ആൻഡ്രൂസ്, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കെ.സതീഷ് കുമാർ, സെക്രട്ടറി | | പുത്തൻപറമ്പിൽ, നേര്യമംഗലം പി.ഒ, പിൻ 686693 |
| ശ്രീമതി.സ്മിത കെ.ജി, ഹെഡ്മിസ്ട്രസ് | | വേലംപറമ്പിൽ,കൊന്നത്തടി പി.ഒ |
| ശ്രീമതി. ഷെറിൻ ആൻഡ്രൂസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കൊന്നത്തടി ഗ്രാമപഞ്ചായത്ത് | ഇഞ്ചപ്പാറയിൽ, മന്നാംകണ്ടം പി.ഓ, 200 ഏക്കർ, അടിമാലി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.ഐ.-8/138/99/ തീ.15.06.99 | 24 | 1, 2, 3, 4, 5, 10, 13(1),(2),(3), 14 (1, 2, 3, 4, 5), 15, 16, 17, 18, 19, 20, 21, 22, 23, 24, |
| 1996-97 | എൽ.എഫ്.ഐ.-8/225/99/ തീ.10.09.99 | 2 | 31(B), 33 |
| 1997-98 | എൽ.എഫ്.ഐ.-8/520/01/ തീ.02.11.01 | 5 | 24, 25, 26, 27, 29 |
| 1998-99 | എൽ.എഫ്.ഐ.-8/521/01/ 02.11.01 | 22 | 21, 21(C), 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41 |
| 1999-00 | എൽ.എഫ്.ഐ.-8/28/02/ തീ.07.06.03 | 33 | 20, 21(A), (B), 22(A),(B), (C), (D), (E), 23,24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38(1),(2), 39, 40, 41, 42, 43, 44, 45, 46, |
| 2000- | എൽ.എഫ്.ഐ.-8/650/02/ | 17 | 20, 21, 22, 23, 24, |

| | | | |
|---|---|---|---|
| 01 | തീ.01.03.05/ 05.04.05 | | 25(A),(B), 26, 27, 28, 29, 30(3),(6),(7), 31, 32, 33 |
| 2001-02 | എൽ.എഫ്.ഐ.-8/700/04/ തീ.28.06.05 | 18 | PART II – 1, 2, 3, 4, 5, 6, 7, 8, 9, 10, 12, PART III – 6,7,10,11, 12,13,14, |
| 2002-03 | എൽ.എഫ്.ഐ.-7/650/06/ തീ.12.10.06/ 04.05.07 | 28 | 2.1(A),(B), 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, 3.18, 3.19, 3.20, 3.21, 3.22 |
| 2003-04 | എൽ.എഫ്.ഐ.-7/658/07/ തീ.14.02.08/ 10.03.08 | 17 | 2.2, 2.3, 2.4(A),(B),(C),(D), 2.5(A),(B), 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, |
| 2004-05 | എൽ.എഫ്.ഐ.-7/192/08/ തീ.07.08.08/ 15.10.08 | 21 | 2.1(A),(B),(C), 2.2, 2.3 (A),(B), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, |
| 2005-06 | എൽ.എഫ്.ഐ.-7/143/09/ തീ.18.05.09/ 09.10.09 | 23 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14 (A,)(B),(C), 3.15(A),(B), 3.16 |
| 2006-07 | എൽ.എഫ്.ഐ.-11/520/2010 തീ.03.03.11/31.03.11 | 12 | 2.1, 2-2(1), 2-2(2), 3.1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3 8,3-9, |
| 2007-08 | എൽ.എഫ്.ഐ.-11/948/2011 തീ.12.10.11 | 10 | 2.2(1)(2)(3),2.3, 2.4,2.5,2.6, 3.1,3.2,3.3, |
| 2008-09 | എൽ.എഫ്.ഐ.-11/949/2011 തീ.01.12.11/06.01.2012 | | 2.1,2.2,2.3,2.4,2.5,2.6, 2.7,2.8, 3.1, 3.2,3.3,3.4,3.5,3.6,3.7, |
| 2009-10 | എൽ.എഫ്.ഐ.-11/950/2011 തീ. 02.02.2012 | 21 | 2.1,2.2,2.3(A,B,C), 2.4, 2.5, 2.6,2.7, 3.1, 3.2,3.3,3.4,3.5, 3.6(A,B,C),3.7,3.8, 3.9, 3.10, |
| 2010-11 | എൽ.എഫ്.ഐ.-11/989/2013 തീ. 07.03.15 | 23 | 2.1,2.2,2.3, 3.1,3.2,3.3, 3.4,3.5,3.6,3.7, (1,2,3)3.8,3.9,3.10,3.11, |

| | | | |
|---|---|---|---|
| | | | 3.12,3.13, 3. 14, 3.15, 3.16,3.17,3.18 |
| 2011-12 | എൽ.എഫ്.ഐ.-11/800/13 തീ.03.12.13/25.02.14 | 15 | 2.1(A)(B)(C)(D),2.2,2.3, 2.5 3.1,3.2, 3.3,3.4,3.5,3.6,3.7,3.8, |
| 2012-13 | എൽ.എഫ്.ഐ.-11/398/14 തീ. 31.05.2014 | 12 | 2.1,2.2, 3.1,3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-11/208/16 തീ. 23.06.16 | 23 | 2.1,2.2,2.3,2.4,2.5,2.6, 3.1, 3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10,3.11, 3.12,3.13, 3.14,3.15,3.16,3.17 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-11/1629/16/ തീ. 04.02.17 | 13 | 2.1,2.2,2.3, 3.2(A,B), 3.3,3.4,3.5,3.6,3.8, 3.9, 3.11,3.12 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-11/479/17 തീ. 17.04.17 | 14 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.10, 3.11, |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-11/1321/17/ തീ.02.11.17 | 11 | 2.1, 2.2, 2.3, 2.4, 3.1, 3.2,3.3, 3.4, 3.5, 3.6, 3.7, |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-11/57/2019 | 19 | 2-1, 2-2, 2-3, 3-1,3-2, 3-3 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-16 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-7/195/21 തീയതി. 22.02.2021 | 13 | 1-11, 1-12, 1-14, 1-15, 1-16, 1-18, 1-19,1-22, 1-23, 1-24, 1-26, 1-27, 3-1(2) |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്